പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3029 | 21-08-2017-ലെ മറുപടിയ്ക്ക്

## കർഷകർക്ക് ആശ്വാസം നൽകുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് ആശ്വാസം നൽകുന്നതിനായി ഈ സർക്കാർ സ്വീകരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) വിവിധ വിളകളുടെ കൃഷി പ്രോത്സാഹനം, മണ്ണ് - സസ്യാരോഗ്യ പരിപാലനം, വിത്ത്, നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ, കർഷകരുടെ ഉല്പന്നങ്ങൾക്ക് വിപണി - മൂല്യവർദ്ധന സൗകര്യം ഒരുക്കൽ, ശാസ്ത്രീയ കൃഷി അറിവുകൾ കർഷകർക്ക് ലഭ്യമാക്കുക, പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിനുള്ള സഹായം, ഉയർന്ന നഷ്ടപരിഹാരത്തോടുകൂടിയ വിളകളുടെ ഇൻഷ്വറൻസ് സൗകര്യം തുടങ്ങി കർഷകർക്ക് ആശ്വാസം നൽകുന്നതിനുള്ള വിവിധ പദ്ധതികൾ 90,162 ലക്ഷം രൂപ ബജറ്റ് വിഹിതത്തോടെ 2017-18 വർഷം കൃഷി വകുപ്പ് നടപ്പാക്കി വരികയാണ്. ഇവയ്ക്ക് പുറമേ കർഷക പെൻഷൻ, കാർഷിക സൗജന്യ വൈദ്യുതി, നെൽകൃഷി ഉൽപ്പാദന ബോണസ്, റബ്ബർ കർഷകർക്കുള്ള ഉല്പാദക ഇൻസെന്റീവ് എന്നിവയ്ക്കായി പദ്ധതിയേതര വിഹിതത്തിൽ 67294.70 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പാക്കി വരുന്നു. |
| (ബി) സംസ്ഥാന വിത്തു വികസന അതോറിറ്റി മുഖേന കർഷകർക്ക് എപ്രകാരമാണ് സഹായം നൽകുന്നത് എന്ന് അറിയിക്കാമോ; | (ബി) കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ ന്യായമായ വിലയ്ക്ക് KSSDA മുഖേന ലഭ്യമാക്കുന്നു. രജിസ്റ്റേർഡ് വിത്തുല്പാദകരായി KSSDA-യിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും അവരുല്പാദിപ്പിക്കുന്ന നെൽവിത്ത് സീഡ് അതോറിറ്റി സംഭരിക്കുകയും സംസ്ഥാനത്തെ കൃഷിഭവനുകളിലൂടെ ഇതര നെൽകർഷകർക്ക് ന്യായമായ വിലയ്ക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ പ്രകൃതിക്ഷോഭം മൂലം വിത്ത് വിതച്ചത് നഷ്ടപ്പെട്ടാൽ പകരം വിത്ത് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ശുപാർശ പ്രകാരം കർഷകർക്ക് സൗജന്യമായി നൽകി വരുന്നുണ്ട്. |

(സി) വിത്തു വികസന അതോറിറ്റി മുഖേന കർഷകർക്ക് സഹായം നൽകുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച് കർഷകർക്ക് ബോധവത്കരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(സി) കൃഷി ഭവൻ മുഖേന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിയിൽ അംഗങ്ങളാകുന്ന കർഷകർ ഉല്പാദിപ്പിക്കുന്ന വിത്ത് KSSDA സംഭരിക്കുകയും വില നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭം മൂലം വിതച്ച വിത്ത് നഷ്ടപ്പെടുന്ന അവസരത്തിൽ കൃഷിഭവൻ മുഖേന സൗജന്യ വിത്ത് KSSDA നൽകുന്നുമുണ്ട്. രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതി സംബന്ധിച്ച ബോധവൽക്കരണ പരിശീലന പരിപാടികളും KSSDA നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**